കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/2107/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 23.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2ാം ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 2,3,4,5,11,14,15,എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/2107/2018 തിയ്യതി: 23.01.2019

# കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-06-2017 മുതൽ 08.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും | ശ്രീ.ശശികുമാർ എം.പി ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10 .12.2018. മുതൽ 24.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രമോദ് കെ വി , ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജിത്ത് പി സി, സീനി.ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ. പ്രമോദ് കെ , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എ ശൈലജ | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | ശ്രീ ജയപ്രകാശ് വി.പി | 01/04/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി ശ്രീജ എസ്, പുത്തൻപുരയിൽ | 01/04/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | ശ്രീ കുര്യൻ എബ്രഹാം | 01/04/2017 മുതൽ 06/06/2017 വരെ |
| | ശ്രീമതി ബിന്ദു കെ.പി | 07/06/2017 മുതൽ 19/11/2017 വരെ |
| | ശ്രീമതി അനുപമ എസ് | 20/11/2017 മുതൽ 31/03/2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പന്ന്യന്നൂർ) | ശ്രീ റഷീദ് കെ.പി | 01/04/2017 മുതൽ 16/10/2017 വരെ |
| | ശ്രീ പ്രേമൻ വി | 17/10/2017 മുതൽ 31/03/2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചമ്പാട്) | 1)ശ്രീമതി റസിത കെ.യം | 01/04/2017 മുതൽ 16/10/2017 വരെ |
| | 2)ശ്രീ പ്രേമൻ വി | 17/10/2017 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | ഡോ: നിഷ ചന്ദ്രൻ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1)ഡോ: സുധീർ ജി | 01/04/2017 മുതൽ 26/07/2017 വരെ |
| | 2)ഡോ: അതുല്യ എ | 27/07/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | 1)ഡോ: ഷാഹിന എ.ആർ | 01/04/2017 മുതൽ 20/08/2017 വരെ |
| | 2)ഡോ: റുബീന എം പി | 21/08/2017 മുതൽ 25/08/2017 വരെ |
| | 3)ഡോ:സിതാര ധർമ്മരാജ് | 26/08/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ വിനോദൻ കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഐ.സിഡി.എസ് സൂപ്പർവൈസർ | ശ്രീമതി സോന എം.കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി രതി ടി | 01/04/2017 മുതൽ 31/03/2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| | ഭാഗം 2 | |
| | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ബി.എസ്.എൻ.എൽ. കെട്ടിടത്തിന്റെയും, മൊബൈൽ ടവറിന്റെയും വസ്തുനികുതിയിനത്തിൽ ഭീമമായ കുടിശ്ശിക | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 2-2 |
| 15 | ഇ- ടെണ്ടർ - ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നില്ല | 2-3 |
| | ഭാഗം 3 | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | മാലിന്യ സംസ്കരണം - വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-1 |
| 17 | ടെൻഡർ/ക്വട്ടേഷൻ പരസ്യം - നിശ്ചിത മാതൃകയിലും,വിവര | 3-2 |

| | | |
|---|---|---|
| | പൊതുജന സമ്പർക്ക വകുപ്പ് മുഖേനയും പത്രത്തിൽ പ്രസിദ്ധീകരിക്കാത്തതു അധിക ചെലവിന് കാരണമാവുന്നു | |
| 18 | ഖര മാലിന്യ സംഭരണ കേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 |
| 19 | കറവപശുക്കൾക്ക് കാലിതീറ്റ വിതരണം - സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച ₹9425 രൂപ നിരാകരിക്കുന്നു. | 3-4 |
| 20 | എസ് .സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല. 24300/- രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 21 | പന്ന്യന്നൂർ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണം - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ പൂർണ്ണതോതിൽ ഉപയോഗക്ഷമമാകുന്നില്ല. | 3-6 |
| 22 | ഗവ. എൽപി സ്കൂൾ പന്ന്യന്നൂർ സെൻട്രൽ കെട്ടിട നിർമ്മാണം – അപാകങ്ങൾ 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 23 | പെയിൻ &പാലിയേറ്റീവ് പദ്ധതിക്ക് വേണ്ടിയുള്ളമരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. | 3-8 |
| 24 | പെയിൻ&പാലിയേറ്റീവ് പരിചരണം-കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 25 | പട്ടികജാതി വിഭാഗക്കാർക്ക് ഇരുചക്ര വാഹനം - സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല | 3-10 |
| 26 | ഇൻഫർമേഷൻ കേരള മിഷൻ - പ്രവർത്തന ഫണ്ടിൻറെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-11 |
| 27 | സാമൂഹ്യ സുരക്ഷ പെൻഷൻ - വിവിധ അപാകങ്ങൾ | 3-12 |
| 28 | മഴക്കാല പൂർവ്വ ശുചീകരണം ചെലവു രേഖകൾ ലഭ്യമാക്കിയില്ല.2,79,525രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 29 | തെരുവു വിളക്കിന് വാർഷിക പരിപാലന കരാർ - നിർവ്വഹണ അപാകങ്ങൾ | 3-14 |

| | | |
|---|---|---|
| 30 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 1328 രൂപയുടെ മരുന്ന് ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു | 3-15 |
| | ഭാഗം 4 | |
| 31 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 38 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 43 | ഇൻകം&എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20/03/2017 തീയതിയിലെ 36/17തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 20/03/2018 തീയതിയിലെ 95/18 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.അംഗീകരിച്ച ബജറ്റിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10310005 |
| വരവ് | 81621000 |
| ആകെ | 91931005 |
| ചെലവ് | 81730500 |
| നീക്കിയിരിപ്പ് | 10200505 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2018 | 11/05/2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21/06/2018 വരെ | കെ എസ് എ - കെ എൻആർ/സി 9/1217/2018 തീയ്യതി 31/07/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10310004.80 |
| വരവ് | 42600011 |
| ആകെ | 52910015.80 |
| ചെലവ് | 38526910 |
| നീക്കിയിരിപ്പ് | 14383105.80 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 9600000 | 9600000 | 9600000 | - |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 357781 | 357781 | 329703 | 28078 |
| വികസന ഫണ്ട്-ടി.എസ്..പി (ACR പ്രകാരം) | | - | 29988 | 29988 | - | 29988 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 2811000 | 2811000 | 2810622 | 378 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2591000 | 2591000 | 2554067 | 36933 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 8559136 | 8559136 | 5006988 | 3552148 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 612764 | 612764 | 612764 | - |
| സാക്ഷരത | | 62309 | 2901 | 65210 | - | 65210 |
| ദുരിതാശ്വാസനിധി | | 27536 | 8042 | 35578 | 2000 | 33578 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9060737 | 9060737 | 9060737 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 454 | 491678 | 492132 | 491694 | 438 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ സംയോജിത ശിശു വികസന പദ്ധതി | | 57300 | 521700 | 579000 | 154274 | 424726 |
| ബി ഫണ്ട് | | | 31502960 | 31502960 | 31502960 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത്, പാനൂർ | 411838<br>101500 | 404500<br>850000 | 816338<br>951500 | 496911<br>345584 | 319427<br>605916 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത്, കണ്ണൂർ | | | | | |
| ജനറൽ പർപ്പസ് ഗ്രാൻറ് | | 7390120 | 7588000 | 14978120 | 8919662 | 6058458 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (പന്ന്യന്നൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്) | 1819961.40 | 6091087 | 7911048.4 | 4786287 | 3124761.4 |
| | ട്രഷറി അക്കൌണ്ട്<br>എസ്.ബി. ഐ | 0<br>0 | 27835<br>23019 | 27835<br>23019 | -<br>- | 27835<br>23019 |
| ഗുണഭോക്തൃ വിഹിതം | | 112 | 548942 | 549054 | 548576 | 478 |

# 1-6 <u>പദ്ധതി അവലോകനം</u>

1)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 33471918 | 103 | 26243164 | 13 | 5 | 83.33 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 2059171 | 18 | 1480155 | 15 | 83% |
| വില്ലേജ് എക്സ്റ്റൻഷൻ | 225780 | 3 | 204766 | 3 | 100% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ- (പന്ന്യന്നൂർ) | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- (ചമ്പാട്) | 750000 | 6 | 600000 | 5 | 83% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 16253093 | 33 | 11107684 | 32 | 97% |
| കൃഷി ഓഫീസർ | 1860500 | 9 | 1556000 | 9 | 100% |
| വെറ്ററിനറി സർജ്ജൻ | 2465916 | 9 | 1867331 | 9 | 100% |
| മെഡിക്കൽ ഓഫീസർ -(പി എച്ച് സി) | 1429568 | 7 | 1407579 | 7 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | 522000 | 2 | 519600 | 2 | 100% |
| ഐസി ഡി എസ് സൂപ്പർവൈസർ | 3021318 | 6 | 2799938 | 6 | 100% |
| അസിസ്റ്റന്റ് സെക്രട്ടറി | 402000 | 5 | 234389 | 5 | 100% |
| ഹെഡ്മിസ്ട്രസ് | 4482572 | 10 | 4465722 | 10 | 100% |

2)പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല-

3)വർഷാന്ത്യത്തിലെ നിർവ്വഹണം:

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലും പദ്ധതി തുക ചെലവഴിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. 11/08/2017 ൽ അന്തിമ ഗുണഭോക്തൃ പട്ടിക ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. 07/09/2017 ലെ വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി വർഷത്തിൻറെ ആദ്യ ഘട്ടങ്ങളിലെ നിർവ്വഹണം നാമമാത്രമായ തോതിലെ ഉണ്ടായിട്ടുള്ളു.

ഉദാ: 31/03/2018 ന് 75.73% പദ്ധതി പണം വിനിയോഗിച്ച വെറ്ററിനറി സർജൻറെ 15/02/2018 ലെ വിനിയോഗം കേവലം 27.06% മാത്രമാണ്. മിക്ക പ്രൊജക്റ്റുകളിലും പദ്ധതി വർഷാന്ത്യമായ മാർച്ച് മാസത്തിലാണ് ഭൂരിഭാഗം തുകയും ചെലവഴിക്കപ്പെടുന്നത്. അത്തരം ഘട്ടത്തിൽ അധിക ഗുണഭോക്താക്കളെ കണ്ടെത്തിയാണ് പദ്ധതിപ്പണം വിനിയോഗിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിൽ മാർച്ച് മാസം ഉണ്ടായേക്കാവുന്ന അനിയന്ത്രിതാവസ്ഥ ഒഴിവാക്കുന്നതിന് പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നോയെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിക്കേണ്ടതും മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുമാണ്.

4)ഗ്രാമസഭ

ഗ്രാമസഭകളുടെ മിനുട്സ് പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2017-18 വർഷം സാമൂഹ്യ സുരക്ഷ പെൻഷൻ അർഹത നേടിയ ഗുണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ച് കാണുന്നില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ വിവിധങ്ങളായ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നില്ല.

3) ചില യോഗങ്ങളുടെ തീരുമാനം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ :

| ക്രമ നം | വാർഡ് | തീയ്യതി |
|---|---|---|
| 1 | കുണ്ടുകുളങ്ങര(11) | 20/11/2017 |
| 2 | മനേക്കര(13) | 12/05/2017 |

ഗ്രാമപഞ്ചായത്ത് ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ, സമയപട്ടിക, പൗരാവകാശങ്ങൾ ഇവ വ്യക്തമാക്കികൊണ്ടുള്ള ബോർഡ് ഗ്രാമപഞ്ചായത്തിനുമുന്നിൽ സ്ഥാപിക്കണമെന്ന വിവിധ ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉയർന്നു വന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

5)വർക്കിംഗ് ഗ്രൂപ്പ്

ഹാജറിലെ കുറവും യോഗതീരുമാനങ്ങൾ രേഖപ്പെടുത്താത്തതും

2017-18 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ മിക്കതിലും ഹാജർ നില തീരെ കുറവാണ്. ഉദാ: ദാരിദ്ര്യലഘൂകരണ പാർപ്പിട വർക്കിംഗ് ഗ്രൂപ്പിൽ 16 അംഗങ്ങൾ ഉണ്ടെങ്കിലും 8 ൽ കൂടുതൽ അംഗങ്ങൾ ഒറ്റ യോഗത്തിലും പങ്കെടുത്തിട്ടില്ല, പല യോഗങ്ങളുടെയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:

1) പൊതു ഭരണം, ധനകാര്യ വർക്കിംഗ് ഗ്രൂപ്പിൻറെ 24/02/2018, 28/02/2018 ലെ യോഗങ്ങൾ

2) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൻറെ 19/05/2017, 06/01/2018, 24/02/2018, 28/02/2018 തീയ്യതികളിലെ യോഗങ്ങൾ

3) ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ 06/01/2018, 24/02/2018, 28/02/2018 ലെ യോഗങ്ങൾ.

6)ഗുണഭോക്തൃ ലിസ്റ്റ്:-

വെബ് സൈറ്റിലെ പട്ടിക പൂർണ്ണമല്ല – സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്

പഞ്ചായത്ത് ഭരണ സമിതിയുടെ 11/08/2017 ലെ 100/17 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചില പ്രൊജക്ടുകളിൽ ഈ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടതിൽ നിർവഹണ ഘട്ടത്തിൽ ഭരണസമിതി അംഗീകാരത്തോടെയും ഗ്രാമസഭ സാധൂകരണത്തോടെയും പുതുതായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടി വന്നതായിട്ടുണ്ടെന്നാണ് അറിയിച്ചത്. (ഉദാ:- അസി.സെക്രട്ടറി നിർവഹിച്ച പട്ടികജാതി വിഭാഗക്കാർക്ക് ഇരുചക്ര വാഹന വിതരണമെന്ന പ്രൊജക്ടിലെ മൂന്ന് ഗുണഭോക്താക്കളും അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്). ഇപ്രകാരമുള്ള തെരഞ്ഞെടുപ്പ് വെബ് സൈറ്റിലെ ഗുണഭോക്തൃ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് ഗുരുതരവുമായ പിഴവാണ്. സ.ഉ.(എം.എസ്.)80/17തസ്വഭവ തീയ്യതി 03.04.2017 ഖണ്ഡിക 20(8)(9)-ൽ തദ്ദേശ സ്ഥാപനത്തിന്റെ ഗുണഭോക്തൃ ലിസ്റ്റ് സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താതെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണെങ്കിൽ ബാധ്യത ചെലവഴിച്ച ഉദ്യോഗസ്ഥനായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വെബ് സൈറ്റിൽ പൂർണ്ണമായും പ്രസിദ്ധീകരിക്കേണ്ടതും പ്രസ്തുത പട്ടികയിലുള്ളവർക്ക് മാത്രം ആനുകൂല്യവിതരണം നടത്തേണ്ടതുമാണ്. ഗ്രാമസഭ പ്രാഥമിക തലത്തിൽ തിരഞ്ഞെടുക്കുന്ന ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് തലത്തിൽ അന്തിമമാക്കും മുൻപ് ഉദ്യോഗസ്ഥ തലത്തിലുള്ള അർഹതാ പരിശോധന കാര്യക്ഷമമാക്കാത്തത് കാരണമാണ് അന്തിമ ഗുണഭോക്തൃ പട്ടികയിൽ യോഗ്യതയില്ലാതവരും അനർഹരും കടന്ന് വരുന്നത്. മേൽകാര്യങ്ങളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

7)മോണിറ്ററിംഗ് കാര്യക്ഷമമാകുന്നില്ല:

2017-18 വർഷത്തെ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ നേട്ടകോട്ടങ്ങൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ വിശകലനം നടത്തിയിട്ടില്ല. രേഖകളുടെ പൂർത്തീകരണത്തിന് വേണ്ടി മാത്രം വർക്കിംഗ് ഗ്രൂപ്പിലെ ഏതെങ്കിലും ഒരു അംഗവും കൺവീനറും ഒപ്പിട്ട മോണിറ്ററിംഗ് റിപ്പോർട്ട് പ്രൊജക്ട് പൂർത്തീകരണ സാക്ഷ്യമായി പ്രൊജക്ടിനൊപ്പം സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. പല പ്രൊജക്ടുകളിലും ആനുകൂല്യ വിതരണം നൽകുന്നതോട് കൂടി പ്രൊജക്ട് പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഉദാ: പ്രൊജക്ട് നമ്പർ : 78/18, 118/18 എന്നിവയിൽ ഇരുചക്ര വാഹനം, ഓട്ടോറിക്ഷ എന്നിവയ്ക്ക് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയവർ ആയത് ഉപജീവനത്തിനുപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് മോണിറ്ററിംഗ് സമിതിയായ പട്ടികജാതിവികസന വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടില്ല.

8)സർക്കാരുത്തരവിനു വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥനെ തിരഞ്ഞെടുത്തു

13-ാം പദ്ധതി മാർഗ്ഗ രേഖയിലെ(29.03.2017 ലെ ജി ഒ (എം.എസ്)ത.സ്വ.ഭ.വ 72/2017 ) വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ വരുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ,എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം തുടങ്ങിയ പ്രവൃത്തികൾ ഹെഡ്മാസ്റ്ററാണ് നടത്തിയിരിക്കുന്നത്.ഇത് ക്രമ പ്രകാരമല്ല.ഈ കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 454 | 491678 | 492132 | 491694 | 438 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9060737 | 9060737 | 9060737 | 0 |
| ആകെ | 454 | 9552415 | 9552869 | 9552431 | 438 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19560 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 2774700 | 229 |
| വിധവാപെൻഷൻ | 9004500 | 761 |
| വാർദ്ധക്യകാലപെൻഷൻ | 15180400 | 1279 |
| വികലാംഗപെൻഷൻ | 2492900 | 231 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1730900 | 145 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.18-ന വൈകുന്നേരം 4 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹14789 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18 വർഷത്തിൽ ഏപ്രിൽ, സെപ്റ്റംബർ മാസങ്ങളൊഴികെയുള്ള മാസങ്ങളിൽ ഓഫീസ് ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് ഓഫീസ് പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം, നികുതി പിരിവ് ഊർജിതപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ ചർച്ചാവിധേയമാക്കിയിട്ടുണ്ട്. പതിനാല് ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ സ്റ്റാഫ് മീറ്റിംഗിലെ ഹാജർ നില ശുഷ്കമാണ്. ഉദാ: 07/06/2017 ന് 4 പേരും 14/07/2017 നും 31/01/2018 നും നടന്ന മീറ്റിംഗുകളിൽ 5 പേർ വീതവുമാണ് പങ്കെടുത്തത്. സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിക്കേണ്ടതാണ്. സെക്ഷനുകൾക്കുള്ള തപാൽ കൈമാറ്റം രജിസ്റ്ററിൽ ചേർത്ത് നൽകാത്തത് കാരണമുള്ള പ്രയാസങ്ങൾ വ്യക്തമാക്കിക്കൊണ്ട് മുഴുവൻ ജീവനക്കാരും തൻപതിവേട് നിർബന്ധമായും എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഈ കാര്യത്തിലുള്ള വിഴ്ച ഗുരുതരമായി കണക്കാക്കുമെന്നും വ്യക്തമാക്കികൊണ്ട് സെക്രട്ടറി 01/01/2018 ന് ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരാരും തന്നെ തൻപതിവേട് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ച് പ്രതിമാസ ക്ലോസിംഗ് നടത്തി ഹെഡ് ക്ലർക്കിനും സെക്രട്ടറിക്കും മേൽനോട്ടത്തിന് സമർപ്പിക്കുന്നില്ല. തപാൽ കൈകാര്യത്തിലെ സുതാര്യതക്കും സമയബന്ധിതമായ തീർപ്പിനും സെക്ഷൻ ഉദ്യോഗസ്ഥർ തൻപതിവേട് എഴുതി സൂക്ഷിച്ച് ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിമാസ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരെയും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ജീവനക്കാരേയും ഉൾപ്പെടുത്തി ധനകാര്യ സ്ഥിരം സമിതി ചെയർമാൻ അധ്യക്ഷനായിക്കൊണ്ട് ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പ്രതിമാസയോഗം ചേരേണ്ടതും ആയതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

പി എച്ച് സി മനേക്കര കുടുംബക്ഷേമ കേന്ദ്രത്തിന്റെ 2010 വർഷം മുതലുള്ള വാടക കുടിശ്ശിക എച്ച് എം സി ഫണ്ടിൽ നിന്നും ഒടുക്കുവാൻ 24/03/2018 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 8 വർഷത്തോളം വാടക നൽകാതെ കുടിശ്ശിക വരാൻ ഇടയായത് ശരിയായ നടപടി അല്ല. ഘടകസ്ഥാപനങ്ങളുടെ പരിപാലനത്തിലും നിയന്ത്രണത്തിലും കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2018 | 2018 ഒക്ടോബർ | 22.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2005 | 1997-98 മുതൽ 2004-2005 വരെ | 08.06.2005 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. സ്റ്റോക്ക് രജിസ്റ്ററിൽ ₹2800 രൂപയുടെ ഫർണ്ണിച്ചർ സ്റ്റോക്കിലെടുക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ B-14 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു.

2.ട്രയൽബാലൻസ് നീക്കിയിരിപ്പിൽ(Code no 310900101) Excess of income over expenditure തുക ₹2722176.10 രേഖപ്പെടുത്തേണ്ടതിനു പകരം ₹1564751.9ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.ബാലൻസ് ഷീറ്റ് ബി -1ഷെഡ്യൂളിൽ (Code no 310900101) Excess of income over expenditure₹2722176.10 ആണ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബി.എസ്.എൻ.എൽ കെട്ടിടത്തിന്റെയും മൊബൈൽ ടവറിന്റെയും വസ്തുനികുതിയിനത്തിൽ ഭീമമായ കുടിശ്ശിക

ബി.എസ്.എൻ.എൽ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് ഫയൽ(ഫയൽ നം എ3/1674/18 തീയ്യതി.27.3.18) പരിശോധിച്ചപ്പോൾ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ 8-ാം വാർഡിൽ ജനറൽ മാനേജർ ടെലിക്കോം ഡിസ്ട്രിക്ക് ബി.എസ്.എൻ.എൽ താവക്കര കണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള പിപി8/103എ നമ്പർ കെട്ടിടത്തിന്റെയും വാർഡു നമ്പർ രണ്ടിൽ39എ നമ്പർ മൊബൈൽ ടവറിന്റെയും. 2013-14 മുതൽ 2017-18 സാമ്പത്തികവർഷം വരെയുള്ള കെട്ടിട നികുതി 92495/- രൂപ നാളിതുവരെ അടവാക്കിയിട്ടില്ലെന്ന് കാണുകയുണ്ടായി.തുക ഈടാക്കുന്നതിന് തലശ്ശേരി എ.സി.ജെ.എം കോടതിയിൽ, ഗ്രാമ പഞ്ചായത്ത് കേസ് ഫയൽ ചെയ്ത കേസ് നിലവിലുള്ളതായി അറിയിച്ചിട്ടുണ്ട്.

## 2-2 ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2017-18ൽ ലഭിച്ച 269 ഡി&ഒ അപേക്ഷകളിൽ ചിലതിൽ പ്രതിദിന വിറ്റുവരവ് കണക്കാക്കാതെ ലൈസൻസ് ഫീസായി ഈടാക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്താതെയും വരുമാനം സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ലാതെയും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാവുന്നില്ല. വിശദമായ പട്ടിക ചുവടെ.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസിന്റെ ആവശ്യം | ഈടാക്കിയ ഫീസ് ₹ |
|---|---|---|---|---|
| 1 | 18 | പവിത്രൻ.കെ.കെ | സിമന്റ്കച്ചവടം | 200 |

| | | | | |
|---|---|---|---|---|
| 2 | 22 | ദിനേഷ് ബാബു | കർട്ടൻ മെറ്റീരിയൽ | 100 |
| 3 | 23 | സജിത്ത് കുമാർ | ഇലക്ട്രിക്കൽ സാധനങ്ങളുടെ വില്പ്പന | 250+50 |
| 4 | 24 | കെ.കെ.ഷൈജു | സ്റ്റുഡിയോ | 100+25 |
| 5 | 28 | എം.വി.രാഘവൻ | റേഷൻ സാധനങ്ങൾ വില്പന | 100+25 |
| 6 | 34 | കേളുനായർ | അനാദികച്ചവടം | 50+13 |
| 7 | 51 | വിനോദ്കുമാർ | അനാദി സ്റ്റേഷനറി | 100+25 |
| 8 | 53 | എൻ.അബ്ദുൾ കരീം | കയറുത്പ്പന്നങ്ങൾ | 100+25 |
| 9 | 64 | പുഴക്കോന്റവിടെ മീത്തൽ സുബൈദ | ലേഡീസ് ടൈലറിംഗ് ചുരീദാർ മെറ്റീരിയൽ | 200 |
| 10 | 92 | അബ്ദുൾ റഫൂസ് | വണ്ടി സ്പെയർ പാർട്സ് വില്പന | 200 |
| 11 | 111 | ദീപിക മീത്തലെ വീട്ടിൽ | ഫ്ളോർ മിൽ | 200+50 |
| 12 | 131 | ടി.പ്രേംജിത്ത് | വാടക സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് | 100+25 |
| 13 | 149 | ഫാസിൽ ഹസ്സൻ തയ്യിൽ വീട് | ഇലക്ട്രിക്കൽ&ഹാർഡ് വേഴ്സ് | 200 |
| 14 | 179 | ടി.വി.പ്രസാദ് | റേഷൻ കട | 100+25 |
| 15 | 189 | വി.പി.വാസു | സ്റ്റേഷനറി | 100+25 |
| 16 | 190 | ഉപേന്ദ്രൻ പി.സി | വസ്ത്രവിതരണം | 100+25 |
| 17 | 216 | വൽസരാജൻ.കെ | ഫർണിച്ചർ നിർമ്മാണം | 100+25 |

| | | | | |
|---|---|---|---|---|
| 18 | 245 | മുഹ്സിൻ.കെവി | ഇലക്ട്രിക് പെയിന്റിംഗ് സാധനങ്ങൾ | 200+50 |
| 19 | 248 | സി.നജ്മുദ്ദീൻ | സിമന്റ് ടൈൽസ് നിർമ്മാണം | 1000+250 |
| 20 | 261 | സുൽഫിഖ്.എ.വി | മൊബൈൽ ഷോപ്പ് | 50+13 |

10-1-2013 ലെ 66562/RC3/12/ത.സ്വ ഭ വ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് പുതുക്കുന്നതിലേക്കായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിൻമേലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അതു സംബന്ധിച്ച വിവരം പരിശോധന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ മേൽ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ചില അപേക്ഷകളിൻമേൽ ഇത്തരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്താതെയും പ്രതിദിന വിറ്റുവരവ് കണക്കാക്കാതെയും ലൈസൻസ് ഫീസ് ഈടാക്കിയത് ശരിയായ നടപടിയല്ല.

അപേക്ഷകളിന്മേൽ ശരിയായ അന്വേഷണം നടത്തി പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ- ടെണ്ടർ - ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നില്ല

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത് . 2017-18 വർഷത്തിൽ ആകെ ₹ 69910 രൂപ ഇത്തരത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. മേൽതുകയും മുൻ വർഷങ്ങളിൽ ഇതേ പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാകാനുള്ള തുകയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യ സംസ്കരണം - വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്റ്റ് നം - 122/2018

പ്രോജക്റ്റിന്റെ പേര് - മാലിന്യ സംസ്കരണം - വയബിലിറ്റി ഗ്യാപ് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

അടങ്കൽ തുക – ₹82330 (വികസന ഫണ്ട്)+₹ 670 (തനത് ഫണ്ട്)=₹83000

ചെലവ് തുക – ₹61986 (വികസന ഫണ്ട്)

ബിൽ നം - 1/12.03.2018(₹19694)

4/22.03.2018(₹18510)

5/28.03.18(₹23782)

മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഹോണറേറിയം നൽകുന്നതതിനായി മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും ₹61986 രൂപ ചെലവഴിച്ചിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗ രേഖയിലെ(29.03.2017 ലെ ജി ഒ (എം.എസ്)ത.സ്വ.ഭ.വ 72/2017 ) വ്യവസ്ഥകൾ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആവർത്തന സ്വഭാവമുള്ള ഹോണറേറിയം ചെലവുകൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി വികസന ഫണ്ടിൽനിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ഈ ആവശ്യത്തിലേക്കായി വീടുകൾക്കും സ്ഥാപനങ്ങൾക്കും ഇളവു നൽകുന്നതിനും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നീക്കിവെക്കണമെന്നാണ് 15.07.17 ലെ സ.ഉ (സാധാ)2420/2017/ ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണം 9/22-12-2018) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിനും മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ടെൻഡർ/ക്വട്ടേഷൻ പരസ്യം - നിശ്ചിത മാതൃകയിലും,വിവര പൊതുജന സമ്പർക്ക വകുപ്പു മുഖേനയും പത്രത്തിൽ പ്രസിദ്ധീകരിക്കാത്തതു അധിക ചെലവിന് കാരണമാവുന്നു

2017-18 വർഷം ടെൻഡർ/ക്വട്ടേഷൻ ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് 50957 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ദിനപത്രം | വൗച്ചർ നം /തീയതി | പരസ്യ തീയതി | പരസ്യത്തിന്റെ വലിപ്പം SCM | റേറ്റ്/SCM (കണ്ണൂർ എഡിഷൻ) | ഡിസ്കൗണ്ട് | തുക (നികുതി ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | 21700411/ 25.07.17 | 09.08.2017 | 5x12.2 | 180 | ഇല്ല | 11529 |
| 2 | ദേശാഭിമാനി | 21700410/ 22.09.17 | 11.08.17 | 7x12.2 | 180 | ഇല്ല | 7560 |
| 3 | ദേശാഭിമാനി | 21700620/ 13.12.17 | 05.10.17 | 11x8 | 180 | ഇല്ല | 13608 |
| 4 | ദേശാഭിമാനി | 21700601/ 07.11.17 | 28.10.17 | 8x8 | 180 | ഇല്ല | 6048 |
| 5 | ദേശാഭിമാനി | 217006791/ 12.01.18 | 21.12.17 | 13x8 | 180 | ഇല്ല | 4536 |
| 6 | ദേശാഭിമാനി | 21701031/ 31.03.18 | 04.02.18 | 5x8 | 215 | 1290 | 7676 |
| ആകെ | | | | | | | 50957 |

01-01-2004-ലെ ജി.ഒ.(പി)01/04/ഐ & പി.ആർ. പ്രകാരം ദർഘാസ് പരസ്യങ്ങൾ 3x2 സെന്റിമീറ്റർ കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന്പുറമേ 20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015 /പി&എ.ആർ.ഡി, 04-01-2011-ലെ ജി.ഒ.(പി)1/2011/പി&എ.ആർ.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതായിരുന്നു.എന്നാൽ പരസ്യങ്ങൾ നിശ്ചിത മാതൃകയിൽ പ്രസിദ്ധീകരിച്ചതായും, പരസ്യങ്ങൾക്കുള്ള ഡിസ്കൗണ്ട് എല്ലായ്പ്പോഴും ലഭ്യമാക്കിയതായും കാണുന്നില്ല.20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015/പി&എ.ആർ.ഡി ഉത്തരവ് പ്രകാരം മലയാള മനോരമയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് SCM ന്ന് ₹65.18 രൂപയും(കണ്ണൂർ എഡിഷൻ) മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുന്നതിന് SCMന്ന് ₹91.75രൂപയുമാണ്(കണ്ണൂർ എഡിഷൻ) പരസ്യ ചാർജ്.എന്നാൽ 2017-18 വർഷത്തിൽ ദേശാഭിമാനി പത്രത്തിന് പരസ്യ ചാർജ് നൽകിയിരിക്കുന്നത് SCMന്ന് ₹180(2017വർഷം)രൂപയും₹215(2018 വർഷം) രൂപയുമാണ്. വിവര പൊതുജന സമ്പർക്ക വകുപ്പിന് ,വിവിധ പത്ര കമ്പനികളുമായി റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ളതിനാൽ പരസ്യങ്ങൾ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പ്രസിദ്ധീകരിക്കുന്നതും ഈയിനത്തിലെ ചെലവ് കുറയ്ക്കുന്നതിനു സഹായകകരമാണ്.

സർക്കാർ ഉത്തരവുകൾ പാലിച്ചും, അധിക ചെലവ് വരുത്താതെയും പത്ര പരസ്യം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഖര മാലിന്യ സംഭരണ കേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നം - 116 /2018

പ്രോജക്ടിന്റെ പേര് - ഖര മാലിന്യ സംഭരണ കേന്ദ്രം കെട്ടിട നിർമാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

അടങ്കൽ തുക – ₹10,000,00(ശുചിത്വ മിഷൻ ഫണ്ട്)

ചെലവ് തുക – ₹9,99,892(ശുചിത്വ മിഷൻ ഫണ്ട്)

ചെക്ക് നം - 9687/28.03.2018(ഗ്രാമീൺ ബാങ്ക്)

മേൽ പദ്ധതി പ്രകാരം ₹9,99,892(ശുചിത്വ മിഷൻ ഫണ്ട്) ചെലവഴിച്ച് 2017-18 വർഷത്തിൽ ചമ്പാട് എന്ന പ്രദേശത്ത് ഖരമാലിന്യ സംഭരണ കേന്ദ്രത്തിനായി കെട്ടിടം നിർമ്മിച്ചിരുന്നു. എന്നാൽ ഖര മാലിന്യ സംഭരണത്തിന്റെ പ്രവർത്തനങ്ങൾ ഈ കെട്ടിടത്തിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ കെട്ടിടമാണെന്ന സൂചിപ്പിക്കുന്ന ബോർഡും ഇവിടെ സ്ഥാപിച്ചതായി കാണുന്നില്ല. ആയത് 22.12.18ന് ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഖര മാലിന്യ സംഭരണ കേന്ദ്രം പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 കറവപശുക്കൾക്ക് കാലിതീറ്റ വിതരണം - സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച ₹9425 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നം - 79 /2018

പ്രോജക്റ്റിന്റെ പേര് - കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ തുക – ₹1,95,000(വികസന ഫണ്ട്)+ ₹1,95,000(ഗുണഭോക്തൃ വിഹിതം സ്വയം ചെലവഴിക്കുന്നത്)

ചെലവ് തുക – ₹1,95,000(വികസന ഫണ്ട്)+ ₹1,95,000(ഗുണഭോക്തൃ വിഹിതം)

ബിൽ നം - 8/09.03.2018(₹66300)

12/09.03.2018(₹66300)

14/28.03.18(₹62400)

കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം ചെയ്യുന്നതിനായി മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും ₹1,95,000 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

അറുപത്തിയഞ്ച് ഗുണഭോക്താക്കൾക്ക് പ്രതിമാസം 100 കി.ഗ്രാം. വീതം കാലിതീറ്റ ജനവരി2018 മുതൽ മാർച്ച് 2018 വരെ മൂന്ന് മാസങ്ങളിലായി മനേക്കര ക്ഷീരോൽപാദക സഹകരണ സംഘം വഴി വിതരണം ചെയ്യുന്നതിന് കരാർ ചമയ്ക്കുകയും പ്രസ്തുത സ്ഥാപനം ആയത് പ്രകാരം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. മനേക്കര ക്ഷീരോൽപാദക സഹകരണ സംഘം, ഏത്തക്കാട്ട് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് കാലിതീറ്റ

വാങ്ങി വിതരണം നടത്തിയിരിക്കുന്നത് .

13-ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ(03.04.2017 ലെ ജി ഒ എം എസ് 80 /2017 ) 8.2(15) വ്യവസ്ഥകൾ പ്രകാരം പരമാവധി 50% മാത്രമേ ഈയിനത്തിൽ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ. എന്നാൽ മനേക്കര ക്ഷീരോൽപാദക സഹകരണ സംഘം പഞ്ചായത്തിൽ സമർപ്പിച്ച കാലിതീറ്റ വാങ്ങിയതിന്റെ ഇൻവോയിസിൽ കാണിച്ച തുകയുടെ 50% ത്തിലധികം ഈയിനത്തിൽ സബ്സിഡി അനുവദിച്ചതായി കാണുന്നു.ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നം/തീയതി | അളവ്(Bags) | റേറ്റ് (Per Bag (50Kg) | തുക | സബ്സിഡി തുക നൽകിയത് ആകെ | അനുവദനീയമായ തുക(50%) | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|
| 41585/22.01.18 | 130 എണ്ണം | 965 | 125450 | 1,95,000 | 185575 | 9425 |
| 47028/22.02.18 | 30 എണ്ണം | 965 | 28950 | | | |
| 46745/21.02.18 | 100 എണ്ണം | 965 | 96500 | | | |
| 51634/21.03.18 | 130 എണ്ണം | 925 | 120250 | | | |
| ആകെ | | | 371150 | 195000 | 185575 | 9425 |

കൂടാതെ ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ നേരിട്ടൊടുക്കിയ തുകയുടെ കാര്യത്തിലും ആകെ ₹9425 രൂപ അധികം നൽകേണ്ടതായി വന്നിട്ടുണ്ട്.

13 ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ(03.04.2017 ലെ ജി ഒ എം എസ് 80 /2017 ) 8.2(15) വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ അംഗീകൃത സ്ഥാപനത്തിൽ നിന്നു മാത്രമേ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്യാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏത്തക്കാട്ട് ട്രേഡേഴ്സ് എന്ന സ്ഥാപനം സർക്കാരിന്റെ അംഗീകൃത സ്ഥാപനമാണെന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണം 2/21-12-2018) ലഭ്യമാക്കിയ മറുപടിയിൽ, മനേക്കര ക്ഷീരോൽപാദക സഹകരണ സംഘം അൺ ലോഡിങ്ങ് ചാർജ് ആവശ്യപ്പെട്ടതിനാലാണ് അധിക തുക അനുവദിച്ചതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികം നൽകിയ ₹9425 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിനും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 എസ് .സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല - 24300 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - 98 /2018

പ്രോജക്റ്റിന്റെ പേര് - എസ് .സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്സ്

അടങ്കൽ തുക – ₹39,000(വികസന ഫണ്ട്)+ ₹1000( തനത് ഫണ്ട്)

ചെലവ് തുക – ₹28350(വികസന ഫണ്ട്)

ബിൽ നം - 10/24.03.2018

മേൽ പദ്ധതി പ്രകാരം ഏഴ് വിദ്യാർത്ഥികൾക്ക് ഒരെണ്ണം വീതം കസേരയും മേശയും നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും ₹28350 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രസ്തുത ആവശ്യത്തിന് ക്വട്ടേഷൻ ക്ഷണിക്കുകയും, ആകാശ് ഹോം അപ്ലയൻസസ്, പാനൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും അവരിൽനിന്നും 7 ഫൈബർ കസേരയും, മേശയും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ (03.04.2017 ലെ ജി ഒ എം എസ് 80 /2017 ത.സ്വ.ഭ.വ 11.8(4)) വ്യവസ്ഥകൾ പ്രകാരം സ്റ്റീല്/മരത്തിന്റെ കസേരയും മേശയും മാത്രമെ വാങ്ങി നൽകാൻ പാടുള്ളൂ .

2.ഈ പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് കസേരയും ,മേശയും വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.എന്നാൽ സഞ്ജയ് സെന്തിൽ കുമാർ ഒഴികെ മറ്റ് 6 ഗുണഭോക്താക്കളുടെ കാര്യത്തിൽ ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് അന്വേഷണം 10/21-12-2018)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിനും മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് നൽകിയ ആനുകൂല്യമായ 24300 രൂപ (₹4050x6)തടസ്സപ്പെടുത്തുന്നു.

## 3-6 പന്ന്യന്നൂർ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണം - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ പൂർണ്ണ തോതിൽ ഉപയോഗക്ഷമമാകുന്നില്ല.

പ്രോജക്റ്റ് നം - 116 /2018(SO)

പ്രോജക്റ്റിന്റെ പേര് - പന്ന്യന്നൂർ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

അടങ്കൽ തുക – ₹6,12,764(ലോക ബാങ്ക് സഹായം)+ 12329(തനത് ഫണ്ട്)=6,25,093

ചെലവ് തുക – ₹6,12,764(ലോക ബാങ്ക് സഹായം)+ 1482(തനത് ഫണ്ട്)=6,14,246

ചെക്ക് നം -18755/17.08.17 (ഗ്രാമീൺ ബാങ്ക്)

2016-17 വർഷത്തിൽ പ്രവൃത്തി ആരംഭിച്ച പന്ന്യന്നൂർ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിനായി 2017-18 വർഷത്തിൽ മേൽ പദ്ധതി പ്രകാരം ചെലവഴിച്ച ₹6,12,764(അന്തിമ ബിൽ) ഉൾപ്പെടെ ആകെ ₹ 15,09,153ചെലവഴിച്ചിരുന്നു.എന്നാൽ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഇതുവരെയായി നടത്തിയിട്ടില്ല.എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ക്കായി പണം നീക്കിവച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മാണ പ്രവൃത്തിയുടെ കൂടെ ടെൻഡർ ചെയ്തിരുന്നില്ല. വലിയ തുക ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കോൺഫറൻസ് ഹാൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കെട്ടിടം സുഗമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **3-7** ഗവ. എൽപി സ്കൂൾ പന്ന്യന്നൂർ സെൻട്രൽ കെട്ടിട നിർമ്മാണം **-** അപാകങ്ങൾ **- 1,20,000/-** രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - 121 /2018

പ്രോജക്റ്റിന്റെ പേര് - ഗവ. എൽപി സ്കൂൾ പന്ന്യന്നൂർ സെൻട്രൽ കെട്ടിട നിർമ്മാണം - മണ്ണ് പരിശോധനാ റിപ്പോർട്ട് ഫീ അനുബന്ധ ചെലവു നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

അടങ്കൽ തുക – ₹1,20,000( തനത് ഫണ്ട്)

ചെലവ് തുക – ₹1,20,000( തനത് ഫണ്ട്)

ചെക്ക് നം - 1) 18663 /06.12.2017(₹50,000)

2)18704/18.01.2018(₹70,000)

മേൽ പ്രോജക്റ്റ് പ്രകാരം ഗവ. എൽപി സ്കൂൾ,പന്ന്യന്നൂർ സെൻട്രൽ കെട്ടിട നിർമ്മാണത്തിനോടനുബന്ധിച്ച് മണ്ണ് പരിശോധന നടത്തുന്നതിന് കൺസൾട്ടിങ്ങ് ഫീസായി ₹1,20,000 ഗവ.കോളജ് ഓഫ് എഞ്ചിനിയറിങ്ങ്, കണ്ണൂരിന് അനുവദിച്ചിരുന്നു. എന്നാൽ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ ₹1,20,000 രൂപയുടെ ചെലവിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 8/21-12-2018)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കാരണത്താൽ ₹1,20,000

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പെയിൻ &പാലിയേറ്റീവ് പദ്ധതി- സമയബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സാന്ത്വന പരിപാലനത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷന് 220722രൂപനൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെ മുഴുവൻ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 3/19.12.2018) വിശദവിവരം ചുവടെ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ- പ്രോജക്ടിന്റെ പേര്-അടങ്കൽ തുക. | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയതുക/ബിൽ നം/ചെക്ക് നം/തീയ്യതി | തുകകൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നുകളുടെ വില ₹ | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 13/18-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സാന്ത്വന പരിപാലനം മരുന്ന് വാങ്ങൽ.അടങ്കൽ- ₹700000 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10/17-18 തീയ്യതി.23.3.18 ₹86800 1223584/25.1.18 ₹63122 (86800+63122=149922) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | ₹ 142040 | ₹ 7882 |

ബാക്കി 7882/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പെയിൻ&പാലിയേറ്റീവ് പരിചരണം-കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാന്ത്വന പരിപാലനത്തിനായി (പ്രൊ.നം 13/18) 2017-18 വർഷം വികസന ഫണ്ട് 5 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 196184 രൂപയും ഉൾപ്പെടെ 696184 രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം 3217/2015/ത.സ്വ.ഭ.വ തീയ്യതി 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി(PMC) രൂപീകരിച്ച് രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ PMC യുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ മുന്ന് തവണ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണംവിലയിരുത്തേണ്ടതാണ്.

പ്രസ്തുതകമ്മിറ്റിയുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ 11.5.2017, 15.6.17, 14.7.17, 7.8.17, 18.9.17, 30.11.17, 9.2.2018, 9.3.18 തീയതികളിൽ മാത്രമേ ചേർന്നിട്ടുള്ളൂ. പാലിയേറ്റീവ്കെയർ നിർവ്വഹണം വിലയിരുത്തി പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാനും അതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ(സാധാ)നം3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.2015 പ്രകാരം പെയിൻ&പാലിയേറ്റീവ് കെയർനോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന (റജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരെയും മരണപ്പെട്ടവരെയും ഒഴിവാക്കിയശേഷമുള്ളവർ) രോഗികളുടെ പേരുവിവരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് റജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ് സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. രോഗികളുടെപേരുവിവരം വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് മുഴുവൻ തുകയുംചെലവഴിച്ചിട്ടുള്ളത്. പാലിയേറ്റീവ്കെയർ നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ പേരുവിവരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പട്ടികജാതി വിഭാഗക്കാർക്ക് ഇരുചക്ര വാഹനം - സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല

പ്രോജക്ട് നം : 78/2018

പ്രോജക്ടിൻറെ പേര് : പട്ടികജാതി വിഭാഗക്കാർക്ക് ഇരുചക്ര വാഹനത്തിന് സബ്സിഡി.

നിർവഹണം - അസി.സെക്രട്ടറി

അടങ്കൽ - വികസന ഫണ്ട് ( എസ് സി പി) - 80000/-)

ചെലവ് - 20495/- (ബിൽ - 2/06/03/2018)

44144/- (ബിൽ - 6/28/03/2018)

ആകെ 64639/- രൂപ

തൊഴിൽ രഹിതരും ഇരുചക്രവാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയ പട്ടികജാതി വിഭാഗക്കാരെ സബ്സിഡിയിലൂടെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനുള്ള ഈ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ മൂന്ന് ഗുണഭോക്താകൾക്ക് സ്കൂട്ടർ വാങ്ങിച്ചതിന് ചുവടെ ചേർത്ത പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | വാർഡ് | അനുവദിച്ച സബ്സിഡി | ചെലവ് വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ. അമൽ എസ് ചന്ദ്രൻ | 15 | 20495 | ബിൽ - 2/06/03/2018 |
| 2 | ശ്രീ. വി.പി സജിത്ത് കുമാർ | 3 | 23401 | ബിൽ 6/28/03/2018 |
| 3 | ശ്രീമതി ജീന | 13 | 20743 | ബിൽ 6/28/03/2018 |

ഈ പ്രോജക്ട് നിർവ്വഹണമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1) ശ്രീമതി ജീന എന്ന ഗുണഭോക്താവിന് സ്കൂട്ടർ വാങ്ങിച്ചത് 22/06/2018 ആണെന്ന് വിതരണ സ്ഥാപനത്തിൻറെ ഇൻവോയ്സും വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും പരിശോധിച്ചതിൽ വ്യക്തമാണ്. എന്നാൽ സ്കൂട്ടർ വാങ്ങിക്കുന്നതിന് മാസങ്ങൾക്ക് മുന്നേ തന്നെ 28/03/2018 ന് 20743/- രൂപ വിതരണ സ്ഥാപനത്തിന് നിർവഹണോദ്യോഗസ്ഥ കൈമാറിയിട്ടുണ്ട്.ഇത് ശരിയായ നടപടി ക്രമമല്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖ - സ.ഉ (എം.എസ്) 80/17 - ത സ്വ ഭ വ തീയ്യിതി 03/04/2017 - ഖണ്ഡിക 2-11 പ്രകാരം ഈ പ്രോജക്ടിൽ സബ്സിഡി തുക മുൻകൂറായി നൽകുവാൻ പാടുള്ളതല്ല.

2) സബ്സിഡി മാർഗ്ഗ രേഖയിലെ അർഹതാമാനദണ്ഡത്തിൽ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനം വിൽപന നടത്തി ഉപജീവനത്തിന് ഉപയോഗപ്പെടുത്തുന്നവർക്കാണ് ആനുകൂല്യത്തിനർഹത. പ്രസ്തുത വാഹനം ഉപയോഗിച്ച് മേൽ ഗുണഭോക്താകൾ സ്വയം തൊഴിലൂടെ ഉപജീവനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

3) 5 വർഷത്തിനിടെ വാഹനം വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്നുള്ള കരാറിലേർപ്പെടാതെയാണ് ആനുകൂല്യം നൽകിയത്.

മേൽ പരാമർശിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേലിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 3-11 <u>ഇൻഫർമേഷൻ കേരള മിഷൻ - പ്രവർത്തന ഫണ്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

പ്രോജക്ട് നം 07/2018

നിർവഹണം : സെക്രട്ടറി

അടങ്കൽ : 38,293/- (വികസന ഫണ്ട്)

ചെലവ് : 38,293/ (ബിൽ - 6/26-07-2017)

ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തനഫണ്ട് എന്ന പ്രോജക്ടിൽ മേൽ കാണിച്ച

പ്രകാരം 38,293/- രൂപ ഐ കെ എം ന് ഒടുക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 6/20.12.18) പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-12 സാമൂഹ്യ സുരക്ഷ പെൻഷൻ - വിവിധ അപാകങ്ങൾ

1.വിവിധങ്ങളായ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

വിവിധങ്ങളായ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പെൻഷൻ തരം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയ്യതി | അപേക്ഷ തീർപ്പാക്കിയ തീയ്യതി | സർക്കാർ ഉത്തരവ് പ്രകാരം തീർപ്പാക്കേണ്ട കാലയളവ് |
|---|---|---|---|---|
| വിധവ പെൻഷൻ | ശ്രീമതി. റസിയ | 20/12/2016 | 26/04/2017 | സ.ഉ.105/2002 തസ്വഭവ തീ. 25.6.2002 – അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. |
| വികലാംഗ പെൻഷൻ | ശ്രീ. ചാത്തോത്ത് മുഹമ്മദ് | 02/03/2017 | 14/12/2017 | സ.ഉ.105/2002 /തസ്വഭവ തീ. 25.6.2002 പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസ്സതിനകം തീർപ്പാക്കേണ്ടതാണ്. |

ലഭ്യമായ അപേക്ഷകൾ അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അന്വേഷണോദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലുമുള്ള കാലതാമസമാണ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമാകുന്നത്. നിശ്ചിത സമയ പരിധിക്കകം തന്നെ അപേക്ഷകൾ തീർപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട തീയതിക്കു ശേഷവും പെൻഷൻ വിതരണം ചെയ്യുന്നു

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട തീയതിക്കു ശേഷവും പെൻഷൻ വിതരണം ചെയ്തതായി സേവന സോഫ്റ്റ് വെയറിൽ നിന്നുള്ള പെൻഷൻ ഡിസ്ബേർസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പെൻഷൻ | ഐഡി/ആധാർ | മരിച്ച | അവസാനം |
|---|---|---|---|---|

| | | നമ്പർ | തീയതി | വിതരണം ചെയ്ത മാസം |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 111550200515 | 13.09.2015 | 9/2016 |
| 2 | വാർധക്യകാല പെൻഷൻ | 111550201020 | 20.09.17 | 03/18 |
| 3 | വാർധക്യകാല പെൻഷൻ | 111310200298 | 27.02.16 | 04/2016 |

മരണപ്പെടുന്നവരുടെ കാര്യത്തിൽ മരണപ്പെട്ട തീയതിയിൽ തന്നെ പെൻഷൻ റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മഴക്കാല പൂർവ്വ ശുചീകരണം ചെലവു രേഖകൾ ലഭ്യമാക്കിയില്ല.2,79,525രൂപ തടസ്സപ്പെടുത്തുന്നു

താഴെ ചേർത്ത പ്രകാരം 279525 രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് സെക്രട്ടറി കൈമാറിയിട്ടുണ്ട്.

| ഇനം | വൗച്ചർ നം/തീയതി | തുക |
|---|---|---|
| ശുചിത്വ മിഷൻ ഫണ്ട് | 21700136/27.05.17 | 80000 |
| ശുചിത്വ മിഷൻ ഫണ്ട് | 21700186/13.06.17 | 84525 |
| തനത് ഫണ്ട് | 21700210/30.06.17 | 115000 |
| ആകെ | | 279525 |

ഗ്രാമ പഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണം നടത്തിയത് വ്യക്തമാക്കുന്ന ചെലവു രേഖകളും സമിതികളുടെ അക്കൗണ്ട് രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്ര സഹിതം പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 12/24.12.18) ചെലവു രേഖകളുടെ അഭാവത്തിൽ 279525 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 തെരുവു വിളക്കിന് വാർഷിക പരിപാലന കരാർ - നിർവ്വഹണ അപാകങ്ങൾ

പ്രോജക്ട് നമ്പർ : 100/18

അടങ്കൽ - 5,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്))

ചെലവ് - 62,355/- (ബിൽ - 32/28.03.2018)

നിർവ്വഹണം - സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകളുടെ 22.12.17 മുതൽ 21.12.2018 വരെയുള്ള അറ്റകുറ്റ പണികൾക്കുള്ള ചുമതല ഒവോനിക് ന്യൂമാഹി എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ആദ്യ ഗഡുവായി 62,355 രൂപയിൽ റീടെൻഷൻ കഴിച്ച തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി നിലവിലെ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്താതെയാണ് വിവിധ വിളക്കുകൾക്ക് വ്യത്യസ്ത നിരക്കിൽ കരാർ നൽകിയിട്ടുള്ളത്. ടെൻഡർ പരസ്യത്തിൽ സാധാരണ ബൾബ് 252ൽ എണ്ണം ഉൾപ്പെടെ ആകെ 460 വിളക്കുകൾ ഉള്ളതായാണ് ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയത്. കെ എസ് ഇ ബി യു ടെ 09.05.17 ലെ മീറ്ററില്ലാത്ത വിളക്കുകളുടെ താരിഫ് പട്ടിക പ്രകാരം 33 സാധാരണ ബൾബുകളും 16 സോഡിയം വേപ്പർ വിളക്കും ഉൾപ്പെടെ 110 വിളക്കുകൾക്കാണ് 6/17 മുതൽ ചാർജ് ഈടാക്കുന്നത്. മീറ്ററില്ലാത്ത വിളക്കുകളും മീറ്ററുള്ള വിളക്കുകളും ആകെ എത്രയെന്നത് വ്യക്തമല്ല.

2. ടെൻഡർ പ്രകാരം 1,84,600 രൂപക്കാണ് കരാർ എങ്കിലും 22.02.18 ന് ഒവോനിക് ന്യൂമാഹിയുമായി ഉണ്ടാക്കിയ കരാറിൽ 2,00,000 രൂപയാണ് കരാർ തുകയായി കാണിച്ചിരിക്കുന്നത്.

3. 22.12.17 മുതൽ ബാധകമായ വാർഷിക പരിപാലനത്തിനുള്ള കരാർ വെക്കുന്നത് 22.02.18 നാണ്.

4. തെരുവു വിളക്ക് അറ്റകുറ്റ പണികളുടെ വിവരം കാണിക്കുന്ന പരിപാലന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുക 62,355/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി നിലവിലുള്ള വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ഉപയോഗത്തിലുള്ളവക്ക് മാത്രമേ പ്രതിമാസ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-15 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 1328 രൂപയുടെ മരുന്ന് ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 8/201718

നിർവ്വഹണം – മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്ടിന്റെ പേര് : ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 5,00,000/- (സംരക്ഷണഗ്രാൻറ് റോഡിതരം)

ചെലവ് - 5,00,000/- (ബിൽ - 1/11-10-2017)

പ്രസ്തുത പ്രോജക്ട് അനുസരിച്ച് ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 5,00,000/- രൂപ മേൽപ്രകാരം ഔഷധിക്ക് നൽകിയിട്ടുണ്ട്. പല ഘട്ടങ്ങളായി മുഴവൻ മരുന്നുകളും ലഭിച്ചെങ്കിലും, ഇൻവോയ്സ് നമ്പർ 61050/30-03-18 പ്രകാരം ലഭ്യമായ 44,479/- രൂപയുടെ മരുന്നിൽ, ഇനം 6 പ്രകാരമുള്ള ധന്വന്തര ഗുളികയിൽ 1328/- രൂപയുടെ ഗുളികകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/21.12.18) മറുപടിലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 1328 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാനൂർ | 2017-18 | 260000 | പാലിന് സബ്സിഡി | 188805 | 71195 |
| ബ്ലോക്ക് പഞ്ചായത്ത്, പാനൂർ | 2017-18 | 59500 | നെൽ കൃഷി സബ്സിഡി | 59500 | - |
| ബ്ലോക്ക് പഞ്ചായത്ത്, പാനൂർ | 2017-18 | 85000 | പച്ചക്കറി സബ്സിഡി | 85000 | - |
| ജില്ല പഞ്ചായത്ത്, കണ്ണൂർ | 2017-18 | 150000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 149400 | 600 |
| ജില്ല പഞ്ചായത്ത് | 2017-18 | 500000 | കരിങ്കാട്ട് കുളം നവീകരണം | - | 500000 |
| ജില്ല പഞ്ചായത്ത്, | 2017-18 | 200000 | സാന്ത്വന പരിചരണം | 196184 | 3816 |

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ | | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷത്തിൽ നിക്ഷേപപ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് തൻ വർഷം നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

- ഇല്ല-

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം* | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്മെൻറ് കോപ്പറേറ്റീവ് സൊസൈറ്റി | 09/05/2015 | 20000 | രശീതി നമ്പർ 4433 തീയ്യതി 09/05/2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അധ്യായം 1, അനുബന്ധം 3 | വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | തയ്യാറാക്കി വരുന്നു |
| 2014-15 | 2-2 | 2016-17 | അധ്യായം 2, അനുബന്ധം 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുക അടച്ചിട്ടുണ്ട്. രസീത് നമ്പർ 118040102241തീയ്യതി 27/09/2018, തുക 2800/- (ശ്രീ ടി വി പ്രശാന്ത്) |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം(റസീറ്റ്&പേമെന്റ് പത്രിക പ്രകാരം)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42600011 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38526910 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9425 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 487508 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ. | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-4 | ----- | 9425 രൂപ | ഡോ. നിഷ ചന്ദ്രൻ,വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-5 | 24300 | ശ്രീമതി ടി രതി , ഹെഡ് മിസ്ട്രസ് |
| 3-7 | 1,20,000 | ശ്രീമതി ടി രതി , ഹെഡ് മിസ്ട്രസ് |
| 3-13 | 2,79,525 | ശ്രീ ജയപ്രകാശ് വി പി,സെക്രട്ടറി |
| 3-14 | 62,355 | ശ്രീ ജയപ്രകാശ് വി പി,സെക്രട്ടറി |
| 3-15 | 1328 | ഡോ. സിതാര ധർമ്മരാജ് , മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| ആകെ | 487508 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജയപ്രകാശ് വി പി,സെക്രട്ടറി | സെക്രട്ടറി,പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണ,ഇല്ലത്ത് താഴെ , തിരുവങ്ങാട് |
| ഡോ. സിതാര ധർമ്മരാജ് , മെഡിക്കൽ ഓഫീസർ(ആയുർവേദം) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | അഞ്ജലി, പി ഒ എരഞ്ഞോളി, തലശ്ശേരി |
| ശ്രീമതി ടി രതി , ഹെഡ് മിസ്ട്രസ് | വിരമിച്ച | സുരഭി , പി ഒ അണിയാരം |
| ഡോ. നിഷ ചന്ദ്രൻ,വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | റിഥം, ചെരിച്ചാൽ,പി.ഒ തിരുവങ്ങാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 1 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 4 |
| 2000-01 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 2 |
| 2002-03 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 1 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 3 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 4 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 10 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 2 |
| 2008-09, | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 1 |
| 2009-10,2010-11 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 5 |

| | | |
|---|---|---|
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 7 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി9/658/18 തീ 10.04.18 | 6 |
| 2015-16 | എൽ.എഫ് കെ എൻ ആർ/സി3/1992/16 തീ07.12.16 | 7 |
| 2016-17 | കെ എസ് എ/കെഎൻആർ /സി5-2092/17 :03.04.2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.9/2107/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 23.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-2-1

# Receipt And Payment Statement of Panniyannur Grama Panchayat For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10256531.80 |
| Cash | Cash | RP-40(a) | 53473.00 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 736650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1850.00 |
| 140000000 | Fees & User Charges | RP-4 | 607308.00 |
| 150000000 | Sale & Hire Charges | RP-5 | 96725.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28821704.00 |
| 171000000 | Interest Earned | RP-9 | 88135.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8026784.00 |
| 350000000 | Other Liabilities | RP-36 | 25122.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3308.00 |
| 311000000 | Earmarked Funds | RP-29 | 8042.00 |
| 340000000 | Deposits Received | RP-34 | 19715.00 |
| 350000000 | Other Liabilities | RP-36 | 420585.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3406973.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 337110.00 |
| | Grand total | 52910015.80 | |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2254445.00 |
| 220000000 | Administrative Expenses | RP-12 | 863852.00 |
| 230000000 | Operations & Maintenance | RP-13 | 938649.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2850796.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 9509707.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 210738.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 528765.00 |
| 254000000 | Expenditures of Transferred | RP-19 | 319560.00 |

| | | | |
|---|---|---|---|
| | institutions and State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 3561085.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 12000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 15000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 737982.00 |
| 350000000 | Other Liabilities | RP-36 | 4115159.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 49553.00 |
| 280000000 | Prior Period Item | RP-26 | -4444.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 44400.00 |
| 350000000 | Other Liabilities | RP-36 | 2828967.00 |
| 410000000 | Fixed Assets | RP-38 | 2333422.00 |
| 412000000 | Capital work in Progress | RP-40 | 6821634.00 |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | RP-42 | 7280.00 |
| 460000000 | Loans, Advances and Deposits | RP-47 | 526360.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14352853.80 |
| Cash | Cash | RP-40(b) | 30252.00 |
| | Grand Total | | 52910015.80 |

## അനുബന്ധം-2-2

# Income & Expenditure statement Panniannur Grama Panchayath For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| INCOME | | | |
| 110000000 | Tax Revenue | I-1 | 3457087.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1850.00 |
| 140000000 | Fee & User Charges | I-4(b) | 650988.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 96725.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 64048427.00 |
| 171000000 | Interest Earned | I-8 | 88135.00 |
| 180000000 | Other Income | I-9 | 3308.00 |
| Total Income | | | 68346520.00 |
| EXPENDITURE | | | |
| 210000000 | Establishment Expenses | I-10(b) | 8967349.00 |
| 220000000 | Administrative Expenses | I-11(b) | 863852.00 |
| 230000000 | Operations & Maintenance | I-12(b) | 1003129.00 |
| 240000000 | Interest & Finance Charges | I-13 | 49553.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5587480.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16028760.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 210738.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 519015.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 31502960.00 |
| 255000000 | Maintenance Projects | I-14(e) | 3561085.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 12000.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 15000.00 |
| 272000000 | Depreciation | I-17(a) | 3687392.00 |
| Total Expenditure | | | 72008313.00 |
| | Gross Surplus/ Deficit of income over Expenditure | | -3661793.00 |
| 280000000 | Prior Period Item | I-18 | 625135.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4286928.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# Balance Sheet of Panniannur Grama Panchayath As on 31 March, 2018

| Code.No | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | No | |
| LIABILITIES | | | |
| Reserve & Surplus | | | |
| 310000000 | Panchayat / Municipal Fund | B-1 | 196003.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 33578.00 |
| 312000000 | Reserves | B-3 | 55083801.00 |
| Total Reserve & Surplus | | | 55313382.90 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4886015.00 |
| Total Grants, Contributions for Specific Purposes | | | 4886015.00 |
| Total Loans | | | |
| Current Liabilities & Provisions | | | |
| 340000000 | Deposits Received | B-7 | 99188.00 |
| 350000000 | Other Liabilities | B-9 | 749917.90 |
| Total Current Liabilities and Provisions | | | 849105.90 |
| TOTAL LIABILITIES | | | 61048503.80 |
| ASSETS | | | |
| Fixed Assets | | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 56849823.00 |
| 411000000 | Accumulated Depreciation | B-11 | -11061137.00 |
| Total Fixed Assets | | | 46497308.00 |
| Investments | | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| Total Investments | | | 20000.00 |
| Current Assets, Loans and Advances | | | |
| 430000000 | Stock-in-hand | B-14 | 2800.00 |
| 431000000 | Sundry Debtors (Receivables) | B-15 | 88090.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 14383105.80 |
| 460000000 | Loand, Advances and Deposits | B-18 | 57200.00 |
| Total Current Assets, Loans and Advances | | | 14531195.80 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 61048503.80 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.